Phygicart E-Commerce Pvt. Ltd.
Door No. 8/107/C11.C12
3rd Floor, E town Shopping,
College Road, East Fort,
Thrissur – 680005
Mob: 9207015000
Email: support@phygicart.com
Web: www.phygicart.com

സർക്കുലർ ന: 03/23 Phy -Mts 01

വിഷയം: സെയിൽസ് ടീം കോർഡിനേഷനും ബിസിനസ് വിപുലീകരണവും ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച്,

സൂചന: ഫിജികാർട്ട് ഡയറക്ട് സെല്ലേഴ്സിന്റെ അറിവിലേയ്ക്കും ശ്രദ്ധയിലേയ്ക്കും മുഴവൻ വിൽപനക്കാരെയും ബോധ്യപ്പെടുത്തുന്നതിലേക്ക്.

നമസ്കാരം,

ഇന്ത്യൻ ഡയറക്ട് സെല്ലിംഗ് മേഖലയുടെ മുഖഛായ മാറ്റുന്നതിലേക്ക് വളരെ വിപുലമായതും ചിട്ടയായതും ശക്തമായതുമായ പ്രവർത്തനത്തിന് നേതൃത്വം വഹിക്കുന്ന മുഴവൻ ലീഡേഴ്സിനെയും (All Managers) അഭിനന്ദിക്കുന്നു. ഫിജികാർട്ടിന്റെ ഇനിയുള്ള വളർച്ചയിൽ ഓരോ റാങ്കിലും നിൽക്കുന്ന ലീഡേഴ്സ് വലിയ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനുണ്ട്.

ഏകീകൃതമായ ആശയരൂപീകരണവും ആസൂത്രണവും പ്രവർത്തനവും കൊണ്ട് എല്ലാവരെയും കൂട്ടിയോജിപ്പിച്ചുള്ള മുന്നേറ്റത്തിന് നേതൃത്വം വഹിക്കണം. ആയതിലേയ്ക്ക് നമ്മുടെ ഡയറക്റ്റ് സെല്ലേഴ്സ് നിർബന്ധമായും ഒഴിവാക്കേണ്ടതായ പ്രവണതകളും പ്രവർത്തനങ്ങളും, കൃത്യമായി പാലിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമായ നിർദ്ദേശങ്ങളും....

1. ഫിജികാർട്ടിന്റെ പ്രഖ്യാപിത നിയമാവലികളും നയങ്ങളും എല്ലാവരും നിർബന്ധമായും പാലിക്കേണ്ടതാണ്. കമ്പനിയുടെ Direct Seller's Agreement ലും സമയോചിത-മായിട്ടുള്ള സർക്കുലറുകളെയും അടിസ്ഥാനമാക്കിയ ശുപാർശകളെ പരിഗണിക്കുകയുള്ളൂ. കമ്പനിയുടെ Website ലും Registration സംബന്ധമായ Terms & Conditions ലും ഇത് ലഭ്യമാണ്)

2. ടീം പ്രവർത്തനത്തിൽ പാലിക്കേണ്ട ധാർമ്മികത പ്രഖ്യാപിതമാണ്, നിർബന്ധമാണ്. ഏതെങ്കിലും ടീമംഗങ്ങളെയോ ടീമിനെയോ വ്യക്തിപരമായോ കൂട്ടായോ മോശമായി ചിത്രീകരിച്ച് വിൽപനയെ പ്രമോട്ട് ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

Phygicart E-Commerce Pvt. Ltd.
Door No. 8/107/C11.C12
3rd Floor, E town Shopping,
College Road, East Fort,
Thrissur – 680005
Mob: 9207015000
Email: support@phygicart.com
Web: www.phygicart.com

3. സ്റ്റോറുകളിലൂടെ ലഭ്യമാവുന്നതിന് ഓർഡർ ചെയ്തിട്ടുള്ള ഉല്പന്നങ്ങൾ വരുന്ന 15 ദിവസത്തിനുള്ളിൽ സ്റ്റോറുകളിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

4. വിൽപന നടന്ന് 3 മാസ കാലാവധിയിൽ കൂടുതലായതിന് ശേഷം സ്റ്റോറുകളിൽ നിന്ന് ഉല്പന്നങ്ങൾ സ്വീകരിക്കാതെ ആവശ്യപ്പെടുന്ന Refund / Replacement പരാതികൾ, നിശ്ചിത സമയ പരിധി കഴിഞ്ഞവയാകയാൽ പരിഗണിക്കുന്നതല്ല.

5. കമ്പനിയുമായി ബന്ധപ്പെട്ട വിവരങ്ങൾ കമ്പനി അനുമതി ഇല്ലാതെ ഏതെങ്കിലും തരത്തിലുള്ള വാഗ്ദാനങ്ങളോ മറ്റ് നിർദ്ദേശങ്ങളോ പ്ലാൻ പ്രസന്റേഷൻ മാതൃകകളോ അപേക്ഷ ഫോമുകളോ കമ്പനി ലോഗോ, ഫിജിറ്റൽ അക്കാഡമി ലോഗോ എന്നിവ ഉപയോഗിച്ചും അല്ലാതെയും ടീം പേരുകൾ ഉപയോഗിച്ച് അച്ചടിച്ചോ സോഷ്യൽ മീഡിയയിലൂടെയോ പ്രചരിപ്പിക്കാൻ പാടില്ല.

6. അവ്യക്തവും വ്യാജവും അപൂർണ്ണവുമായ വിവരങ്ങൾ നല്കി തെറ്റിദ്ധരിപ്പിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.

7. കമ്പനി പ്രസന്റേഷൻ സ്ലൈഡുകൾ അവതരണത്തിന് ഉപയോഗിക്കുക. മറ്റ് കൂട്ടി ചേർക്കലുകൾ കമ്പനിയുടെ മുൻകൂർ അനുമതിയോടെ മാത്രം ചെയ്യുക

8. ഫിജികാർട്ട് എന്ന തുടക്ക നാമം ഉപയോഗിച്ച് Facebook, Youtube, Instagram തുടങ്ങിയവയിലൂടെയും മറ്റിതര സോഷ്യൽ മീഡിയകളിലൂടെ പേജുകൾ നിർമ്മിച്ച് പ്രചാരണം നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ഇത്തരത്തിലുള്ളവയിലെ വ്യാജ പ്രചരണങ്ങൾക്ക് കമ്പനി ഉത്തരവാദി ആയിരിക്കില്ല. കൃത്യമായ വിവരങ്ങൾ കമ്പനിയുടെ ഔദ്യോഗിക സോഷ്യൽ മീഡിയ പേജുകളിൽ ലഭ്യമായിരിക്കും.

Phygicart E-Commerce Pvt. Ltd.
Door No. 8/107/C11.C12
3rd Floor, E town Shopping,
College Road, East Fort,
Thrissur – 680005
Mob: 9207015000
Email: support@phygicart.com
Web: www.phygicart.com

9. നമ്മുടെ പ്ലാനിന്റെ ജനകീയത നിലനിർത്തുക അനിവാര്യമാണ്. പ്ലാൻ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേയ്ക്ക് തുകയുടെ അടിസ്ഥാനത്തിലുള്ള വിൽപന പാടില്ല, ഉല്പന്ന വിൽപനയ്ക്ക് പ്രാധാന്യം നൽകണം. 100 SV, 50 SV, 25 SV - തുടക്ക വിൽപനയെ സംബന്ധിച്ച് വ്യക്തവും സുതാര്യവുമായ വിവരങ്ങൾ നല്കണം.

10. പെർഫോമൻസ് ബോണസ് ലാഭവിഹിതം ആണ്. സാലറി എന്ന തരത്തിൽ വാക്ക് ഉപയോഗിക്കാനോ ദുർവ്യാഖ്യാനം ചെയ്യാനോ പാടില്ല.

11. കമ്പനി ബിസിനസ് പ്ലാനിൽ പ്രതിപാദിക്കാത്ത ബിസിനസ് പ്രമോഷനുകൾക്കും വാഗ്ദാനങ്ങൾക്കും സ്വയമേവ ഉത്തരവാദി ആയിരിക്കും. ടീം ലീഡേഴ്സിന്റെയോ മറ്റാളുകളുടെയോ സമ്മർദ്ദപ്രകാരമാവരുത്.

12. ഡയറക്ട് സെല്ലേഴ്സിന്റെ അറിവിലേക്കായി കമ്പനി നല്കുന്ന എല്ലാ സന്ദേശങ്ങളും യഥാസമയം ശരിയായി ടീമംഗങ്ങൾക്ക് ലഭിച്ചെന്ന് ഉറപ്പു വരുത്തണം.

13. അഹംഭാവം, അഹങ്കാരം എന്നിവയെ മാറ്റി നിർത്തി ടീമംഗങ്ങളെ പരിഗണിക്കുവാനും പരാതികൾ ഉള്ളവ കേൾക്കുവാനും രമ്യമായ പരിഹാരം നിർദ്ദേശിക്കുന്നതിനും ആവശ്യമായ സംവിധാന സഹായങ്ങൾ നല്കാൻ എല്ലാ ടീം ലീഡേഴ്സും തയ്യാറാവണം.

14. ഡയറക്റ്റ് സെല്ലേഴ്സിന്റെ നേട്ടങ്ങൾക്ക് അനുസൃതമായ റാങ്കുകളുടെ ഉത്തരവാദിത്തങ്ങൾ ബോധ്യപ്പെടുത്തി ടീമംഗങ്ങളെ ഏകീകരിച്ച് കൃത്യമായ പരിശീലനം നല്കാൻ ടീം ലീഡേഴ്സിന് കഴിയണം.

15. കമ്പനി നിർദ്ദേശിക്കുന്ന PLAN PRESENTATION പരിപാടികളിലും പരിശീലന പരിപാടികളിലും നിർദ്ദിഷ്ട ലീഡേഴ്സ് നിർബന്ധമായും പങ്കെടുക്കണം. റാങ്കുകളുടെ ഉത്തരവാദിത്തങ്ങൾ പാലിക്കാത്ത പക്ഷം ലഭ്യമാവുന്ന ആനുകൂല്യങ്ങളെ ബാധിക്കുന്നതാണ്.

16. പ്രഖ്യാപിതനയങ്ങൾക്കും നിലപാടുകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ടീമംഗത്തിന്റെയും ടീം നേതൃത്വത്തിന്റെയും ID യുടെയും റാങ്കിന്റെയും പ്രവർത്തനം ആക്ഷേപം ഉണ്ടാവുന്ന പക്ഷം തീർപ്പാവുന്നത് വരേയും തടയപ്പെടുന്നതാണ്.

Phygicart E-Commerce Pvt. Ltd.
Door No. 8/107/C11.C12
3rd Floor, E town Shopping,
College Road, East Fort,
Thrissur – 680005
Mob: 9207015000
Email: support@phygicart.com
Web: www.phygicart.com

17. നമ്മുടെ ഡയറക്റ്റ് സെല്ലേഴ്സിന് കസ്റ്റമർ കെയറിൽ ലഭ്യമാവുന്ന സേവനങ്ങൾക്ക് പുറമേ എല്ലാ ടീമംഗങ്ങൾക്കും തങ്ങളുടെ പ്രവർത്തനമേഖലയിൽ ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടെങ്കിൽ 9746119998 എന്ന Whatsapp നമ്പറിൽ Text Message ആയും codecompliance@phygicart.com എന്ന E-mail മുഖാന്തിരവും കമ്പനിയെ അറിയിക്കാവുന്നതാണ്.

18. മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും മുഴുവൻ ലീഡേഴ്സും ഉറപ്പു വരുത്തേണ്ടതാണ്. വീഴ്ചകളുണ്ടാവുന്ന പക്ഷം പ്രസ്തുത ടീമിന്റെ ലീഡേഴ്സ് ബാധ്യസ്ഥരാണ്.

വിജയത്തിന്റെ സുതാര്യതയ്ക്ക് വിശകലനത്തിലെ സൂക്ഷ്മതയും ആസൂത്രണത്തിലെ മികവും പ്രവർത്തിയിലെ ക്ഷമതയും അനിവാര്യമാണെന്ന് എല്ലാവരും ഉറപ്പുവരുത്തുമെന്ന് ഉറച്ച വിശ്വസിക്കുന്നു...

വിജയാശംസകളോടെ,

ടീം മാനേജ്മെന്റ്.
&
ഫിജിറ്റൽ അക്കാദമി